# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2318** — **8.03.2017-ൽ മറുപടിക്ക്**

### ഇലക്ട്രിക് പോസ്റ്റുകളിൽ നിന്ന് കേബിൾ ടി.വി. കണക്ഷൻ

| | ചോദ്യം<br>ശ്രീ. പി.സി. ജോർജ് : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.ഇ.ബി. ലിമിറ്റഡ് ന്റെ ഇലക്ട്രിക് പോസ്റ്റുകളിൽകൂടി കേബിൾ വലിച്ച് കേബിൾ ടി.വി. കണക്ഷൻ ഉപഭോക്താക്കൾക്ക് നൽകിവരുന്നത് എന്ത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്; ഇങ്ങനെ കേബിൾ വലിക്കാൻ അനുമതി കൊടുത്തിരിക്കുന്നത് ആർക്കൊക്കെ/ഏത് കമ്പനിക്ക് എന്നിങ്ങനെയുള്ള വിവരങ്ങൾ വിശദമാക്കുമോ; പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ; | (എ)<br>(ബി)<br>&<br>(സി) | പൊതുതാല്പര്യം കണക്കിലെടുത്ത് കെ. എസ്. ഇ.ബി. യുടെ പോസ്റ്റുകളിലൂടെ നിബന്ധനകൾക്ക് വിധേയമായി ഏകദേശം 25 വർഷങ്ങളായി കേബിൾ ടി.വി. ലൈനുകൾ വലിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ബോർഡ് ഉത്തരവുകളുടെ പകർപ്പ് അനുബന്ധം 1 ആയും കേബിൾ ടി.വി. ഓപ്പറേറ്റർമാരുടെ വിവരം സംബന്ധിച്ച ശേഖരിച്ച വിവരങ്ങൾ അനുബന്ധം 2 ആയും, ജില്ലാ/ സെക്ഷൻ തലത്തിൽ കേബിൾ ടി.വി. വലിച്ചിട്ടുള്ള പോസ്റ്റുകളുടെ എണ്ണം സംബന്ധിച്ച് ശേഖരിച്ച വിവരങ്ങൾ അനുബന്ധം 3 ആയും ചേർത്തിരിക്കുന്നു. |
| (ബി) | ഇതിന്റെ കാലാവധി എത്രകൊല്ലമാണെന്നും എന്നുമുതലാണ് പ്രസ്തുത പദ്ധതി തുടങ്ങിയതെന്നും വിശദമാക്കുമോ; | | |
| (സി) | കെ.എസ്.ഇ.ബി. ലിമിറ്റഡ് ന്റെ എത്ര പോസ്റ്റുകളിൽ കൂടി പ്രസ്തുത കേബിൾ ടി.വി കണക്ഷൻ വലിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചും അവ ഏത് ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ വരുന്നതാണെന്നും വിശദമാക്കുമോ; | | |
| (ഡി) | 2016-17 സാമ്പത്തിക വർഷത്തിൽ 31.01.2017 വരെ പ്രസ്തുത ഇനത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ്-ന് എത്ര | (ഡി) | 2016-17 സാമ്പത്തിക വർഷത്തിൽ 31.01.2017 വരെ ഇലക്ട്രിക് പോസ്റ്റുകളിൽ കൂടി കേബിൾ ടി.വി. കണക്ഷൻ വലിച്ചതുമായി ബന്ധപ്പെട്ട് |

| | | | |
|---|---|---|---|
| | ലക്ഷം രൂപ ലഭിച്ചിട്ടുണ്ടെന്ന് ഇലക്ട്രിക്കൽ സെക്ഷൻ തിരിച്ച് വ്യക്തമാക്കുമോ; | | കെ.എസ്.ഇ.ബി. ലിമിറ്റഡിനു ലഭിച്ച വരുമാനം 3008.46 ലക്ഷം രൂപയാണ്. കെ.എസ്.ഇ.ബോർഡിന്റെ അക്കൗണ്ട് റെണ്ടറിംഗ് യൂണിറ്റുകൾ (ARU) തിരിച്ചുള്ള വരുമാനത്തിന്റെ പട്ടിക ഇതോടൊപ്പം അനുബന്ധം 4 ആയി ചേർത്തിരിക്കുന്നു. |
| (ഇ) | പ്രസ്തുത കേബിൾ ടി.വി കണക്ഷൻ കെ. എസ്. ഇ. ബി. യുടെ പോസ്റ്റുകളിൽ കൂടി വലിക്കുന്നതിന് മത്സര സ്വഭാവമുള്ള ടെണ്ടർ ക്ഷണിച്ചാണോ നൽകിയത്; വിശദമാക്കുമോ? | (ഇ) | മുൻ കാലങ്ങളിൽ ഒന്നിൽ കൂടുതൽ ഓപ്പറേറ്റർമാരെ ഒരു പോസ്റ്റിലൂടെ കേബിൾ വലിക്കാൻ അനുവദിച്ചിരുന്നില്ല. ആ സാഹചര്യത്തിൽ ഒന്നിൽകൂടുതൽ ഓപ്പറേറ്റർമാർ ഒരു സ്ഥലത്ത് പുതിയതായി കേബിൾ ടി. വി. ലൈൻ വലിക്കുന്നതിനായി അനുവാദം ചോദിക്കുന്ന പക്ഷം മത്സര സ്വഭാവമുള്ള ദർഘാസ് വിളിക്കാറുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ നിബന്ധനകൾക്ക് അനുസൃതമായി ഒന്നിൽ കൂടുതൽ കേബിൾ ഓപ്പറേറ്റർമാർ ഒരു പോസ്റ്റിലൂടെ ലൈൻ വലിക്കാൻ അനുവദിക്കാറുണ്ട്. അവരിൽ നിന്നും ബോർഡ് കാലാകാലങ്ങളിൽ നിശ്ചയിച്ചിട്ടുള്ള പോസ്റ്റ് വാടക ഇടാക്കികൊണ്ടാണ് അനുമതി നൽകുന്നത്. മുൻകൂർ അനുമതി വാങ്ങാതെ വലിച്ചിരുന്ന ചില കേബിൾ ടി. വി ലൈനുകൾ പിന്നീട് റെഗുലറൈസ് ചെയ്യുന്ന അവസരങ്ങളിൽ അതാത് സമയങ്ങളിൽ നിലവിലുള്ള നിരക്കുകൾ അനുസരിച്ചുള്ള തുക/പിഴത്തുക ഈടാക്കുകയാണ് ചെയ്യുന്നത്. |

Hemalatha

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**